മാധ്യമം

# കൂട്ടിക്കലിന്റെ 300 വർഷത്തെ ചരിത്രം പുസ്തകമാകുന്നു; പ്രകാശനം ഇന്ന്

**കൂട്ടിക്കൽ:** മൂന്നു ശതാബ്ദത്തെ കൂട്ടിക്കലിന്റെ ചരിത്രം പുത്തൻ തലമുറക്ക് പറഞ്ഞുനൽകുന്ന 'കൂട്ടിക്കൽ ചരിത്ര വഴികളിലൂടെ' പുസ്തകം ശനിയാഴ്ച നാടിന് സമർപ്പിക്കും. അനുഭവസ്ഥരിൽനിന്ന് കേട്ടറിഞ്ഞതും അനുഭവിച്ചറിഞ്ഞതുമായ ചരിത്രങ്ങൾ കടലാസിൽ കുറിച്ചു പുസ്തക രൂപത്തിലാകുമ്പോൾ കൂട്ടിക്കലുക്കാർക്ക് സൂക്ഷിക്കാൻ ചരിത്ര രേഖകളാവുകയാണ്. കൂട്ടിക്കലിന്റെ മുതിർന്ന എഴുത്തുകാരായ സത്യാനന്ദൻ ചിലമ്പിൽ, ജേക്കബ് ജോർജ് എന്നിവരാണ് ചരിത്രം കുറിച്ചത്.




സത്യാനന്ദൻ സമൂഹ മാധ്യമങ്ങളിലൂടെ പഴയകാല കഥകൾ നാടിന് പറഞ്ഞുനൽകിയപ്പോഴാണ് അടുത്ത സുഹൃത്തുക്കൾ പുസ്തകത്തെ കുറിച്ചു നിർദേശിച്ചത്. ഇവരെ സഹായിക്കാൻ രചന സമിതിയും രൂപവത്കരിച്ച് സജീവമാവുകയായിരുന്നു. ബിജോയ് ജോസ്, ബിന്ദു ഗിരീഷ്, കെ.എസ്. മോഹനൻ, പി.ടി. സുധാകരൻ, എ.കെ. ഭാസി, പി.ആർ. ശശിധരൻ എന്നിവർ സഹായവുമായി നിന്നതോടെ പുസ്തക രൂപവത്കരണത്തിനു വേഗതയേറി. ആദിവാസികളും യൂറോപ്യൻമാരും പ്ലാന്റർമാരും സമുദായ കൂട്ടായ്മയുമെല്ലാം ചരിത്ര പുസ്തകത്തിൽ ഇടംപിടിച്ചു. കോട്ടയം, ഇടുക്കി ജില്ലകളിലെ പ്രദേശങ്ങൾ ഒന്നിച്ചു കിടന്നപ്പോഴുള്ള ചരിത്ര പുസ്തകം പുതുതലമുറക്ക് പ്രയോജനപ്പെടും.

ശനിയാഴ്ച ഉച്ചക്കുശേഷം 3ന് കൂട്ടിക്കൽ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുൻ എം.എൽ.എ. ജോർജ് ജെ. മാത്യു, കെ.ജെ. തോമസ് എന്നിവർ ചേർന്നു പ്രകശനം നിർവഹിക്കും. എ.കെ. ഭാസിയുടെ അധ്യക്ഷത വഹിക്കും.